# عشرون قاعدة في إصلاح الحياة الزوجية

# സന്തുഷ്ടകരമായ കുടുംബജീവിതത്തിന് ഇരുപത് നിർദേശങ്ങൾ


ശൈഖ് അബ്ദുൽ അസീസ് അർറയ്സ്

حفظه الله





വിവർത്തനം:

അനസ് അലി ബിൻ അബ്ദിറഹ്മാൻ

وفقه الله

بسم الله الرحمن الرحيم

വിവാഹിതരായ പലരും തങ്ങളുടെ വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിൽ ആവലാതി പറയുന്നതായി കാണാം. അത്തരം പരാതികളെല്ലാം പരിഹരിക്കാനുതകുന്ന ചില വഴികൾ താഴെ വിശദീകരിക്കാം.

**الأولى / تذكر نعمة الزواج وأن الشيطان حريص لإفساد هذه النعمة قال تعالى {فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِ بَيْنَ الْمَرْءِ وَزَوْجِهِ} [البقرة: 102] وعن جابر قال: قال صلى اللّه عليه وسلم :" إن إبليس يضع عَرشه على الماء ثم يبعث سراياه فأدناهم منه منزلة أعظمهم فتنة يجىء أحدهم فيقول فعلت كذا وكذا فيقول ما صنعت شيئا قال ثم يجىء أحدهم فيقول ما تركته حتى فرقت بينه وبين امرأته - قال - فيدنيه منه ويقول نعم أنت " أخرجه مسلم**

**ഒന്ന്:** വിവാഹത്തിലൂടെ അല്ലാഹു നിനക്ക് തന്നിരിക്കുന്ന അനുഗ്രഹങ്ങൾ നീ ഓർക്കുക. തീർച്ചയായും പിശാച് ഈ അനുഗ്രഹത്തെ നശിപ്പിച്ച് കളയാൻ ഏറെ തൽപരനാണ്. പൈശാചിക പ്രവർത്തനമായ സിഹ്റിനെക്കുറിച്ച് വിശദീകരിക്കവേ അല്ലാഹു തആല പറഞ്ഞതായി കാണാം:

فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِۦ بَيْنَ ٱلْمَرْءِ وَزَوْجِهِۦ [البقرة: 102]

(അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നത യുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു)

ജാബിർ رضي الله عنه വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ പറഞ്ഞിട്ടുണ്ട്. തീർച്ചയായും ഇബ്ലീസ് അവന്റെ അർശ് (സിംഹാസനം) വെള്ളത്തിനു മുകളിൽ സ്ഥാപിച്ചിരിക്കുകയാണ്. അവൻ തന്റെ പ്രജകളെ മനുഷ്യരെ വഴി പിഴപ്പിക്കുവാൻ നിയോഗിക്കും. അവരിൽ (പിശാചുക്കളിൽ) നിന്ന് ഇബ്ലീസിനോട് ഏറ്റവും അടുത്തവൻ അവരിൽ ഏറ്റവും

കൂടുതൽ മനുഷ്യരെ വഴിപിഴപ്പിക്കുന്നവനായിരിക്കും. ഓരോ ദിവസവും അവർ ഓരോരുത്തരും ഇബ്‌ലീസിന്റെ അടുക്കൽ വരികയും അവർ ചെയ്ത കാര്യങ്ങളെപ്പറ്റി ഞാൻ 'ഇപ്രകാരം ചെയ്തു' എന്ന് പറഞ്ഞ് അവനെ അറിയിക്കുകയും ചെയ്യും. ഇബ്‌ലീസ് അവന്റെ പ്രജകളിൽ പെട്ട ഓരോ പിശാചിനോടും ചോദിക്കും: 'നീ ഇന്ന് ഒന്നും ചെയ്തില്ലേ....?! 'നീ ഇന്ന് എന്താണ് ചെയ്തത്.' ഒരിക്കൽ അവരിൽ നിന്ന് ഒരാൾ വന്ന് ഇങ്ങനെ പറഞ്ഞു: 'ഒരു ഭർത്താവിനെ അവന്റെ ഭാര്യയുമായി ഭിന്നിപ്പിലാക്കുന്നതു വരെ ഞാൻ അവന്റെ പിറകിൽ കൂടി. ഇബ്‌ലീസ് അവനെ തന്നിലേക്ക് അടുപ്പിക്കുകയും നീ എത്ര നല്ലവനാണ് എന്ന് പറഞ്ഞു കൊണ്ട് അവനെ പുകഴ്ത്തുകയും ചെയ്യും.

**الثانية/ لأجل سعي الشيطان لإفساد الحياة الزوجية فقد لا توجد المحبة إلا بعد سنة فلا تستعجل فإن العجلة من الشيطان ، وذم الله العجلة بقوله {وَكَانَ الْإِنْسَانُ عَجُولًا } [الإسراء: 11]**

**രണ്ട്:** വൈവാഹിക ജീവിതത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ പിശാച് കിണഞ്ഞു പരിശ്രമിക്കുന്നത് കൊണ്ട് ചിലപ്പോൾ ദമ്പതികൾ തമ്മിൽ വിവാഹം കഴിഞ്ഞ് കുറച്ച് കാലം കഴിഞ്ഞിട്ടാവും സ്നേഹം ഉടലെടുക്കുക. അത് കൊണ്ട് നീ പൂർണമായ ആ സ്നേഹത്തിന് ധൃതി കൂട്ടരുത്. കാരണം, ധൃതി തീർച്ചയായും പിശാചിൽ നിന്നുള്ളതാണ്. മാത്രമല്ല അല്ലാഹു തിടുക്കം കൂട്ടുന്നതിനെ ആക്ഷേപിച്ച് പറഞ്ഞിട്ടുമുണ്ട്. അല്ലാഹു പറഞ്ഞു:

وَكَانَ ٱلْإِنسَـٰنُ عَجُولًا ﴿١١﴾ [الإسراء: 11]

മനുഷ്യൻ ഏറെ തിടുക്കം കൂട്ടുന്നവനായിരിക്കുന്നു.

**الثالثة/ إذا كره أحدهما من الآخر شيئاً بحث عن شيء آخر يحببه فيه قال صلى الله عليه وسلم :" لا يفرك مؤمن مؤمنة إن كره منها خلقا رضى منها آخر " أخرجه مسلم**

**മൂന്ന്:** അവരിൽ (ഭാര്യ ഭർത്താക്കൻമാരിൽ) ഒരാൾ തന്റെ ഇണയുടെ അടുക്കൽ നിന്ന് എന്തെങ്കിലും സ്വഭാവം വെറുത്താൽ അവനെ / അവളെ സന്തോഷിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്ന മറ്റൊരു കാര്യം അവൻ/ അവൾ തന്റെ ഇണയിൽ അന്വേഷിക്കട്ടെ.

നബി ﷺ പറഞ്ഞു: ഒരു വിശ്വാസി ഒരു വിശ്വാസിനിയെ വെറുക്കാതിരിക്കട്ടെ. അവളിൽ നിന്ന് ഏതെങ്കിലും ഒരു സ്വഭാവം അവൻ വെറുത്താൽ

മറ്റൊന്ന് കൊണ്ട് അവളിൽ അവൻ തൃപ്തിയടയട്ടെ.

**الرابعة / إذا كره أحدهما الآخر فليصبر فلعل الله قدر خيرا لم يحتسبه في ولد أو غير ذلك {فَعَسَى أَنْ تَكْرَهُوا شَيْئًا وَيَجْعَلَ اللَّهُ فِيهِ خَيْرًا كَثِيرًا} [النساء: 19]**

**നാല്:** അവരിൽ ഒരാൾ മറ്റെയാളുടെ എന്തെങ്കിലും സ്വഭാവമോ പെരുമാറ്റമോ വെറുത്താൽ അവൻ ക്ഷമയവലംബിച്ച് കൊള്ളട്ടെ. ചിലപ്പോൾ സന്താനത്തിലോ മറ്റോ ആയി അല്ലാഹു അവൻ കണക്കാക്കാത്ത വിധത്തിലുള്ള വല്ല നന്മയും തീരുമാനിച്ചിട്ടുണ്ടാകും. അല്ലാഹു പറഞ്ഞതായി കാണാം:

فَعَسَىٰٓ أَن تَكۡرَهُواْ شَيۡـٔٗا وَيَجۡعَلَ ٱللَّهُ فِيهِ خَيۡرٗا كَثِيرٗا ﴿١٩﴾ [النساء: 19]

നിങ്ങളൊരു കാര്യം വെറുക്കുകയും അതേകാര്യത്തിൽ അല്ലാഹു ധാരാളം നൻമ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം.

**الخامسة/ الواقعية في معرفة الحياة الزوجية ، فليست الحياة الزوجية حياة لعب ومرح فحسب كما يتصور المراهقون والمراهقات ففرق بين أن تكون الفتاة بنتاً في بيت أهلها وزوجة في بيت زوجها وهكذا الزوج .**

**അഞ്ച്:** എന്താണ് യഥാർത്ഥമായ വൈവാഹിക ജീവിതം എന്ന ബോധവും തിരിച്ചറിവും ഉണ്ടാവുക എന്നത് നല്ല വൈവാഹിക ജീവിതം നയിക്കാനുള്ള ഒരു പ്രധാന കാരണമാണ്. ചില യുവതീ യുവാക്കൾ സങ്കൽപ്പിക്കുന്നത് പോലെയുള്ള കളിയുടെയും തമാശയുടെയും വിനോദങ്ങളുടെയും ജീവിതമല്ല ഇവിടെ പറയപ്പെട്ട യഥാർത്ഥ വൈവാഹിക ജീവിതം. ഒരു യുവതി അവൾ അവളുടെ വീട്ടിലെ മകളും അവളുടെ ഭർത്താവിന്റെ വീട്ടിൽ ഭാര്യയുമാണെന്ന കാര്യം വേർതിരിച്ചു മനസ്സിലാക്കേണ്ടതുണ്ട്. ഇപ്രകാരം തന്നെയാണ് ഭർത്താവിന്റെ കാര്യവും.

**السادسة / معرفة الزوجة أن القوامة والطاعة للزوج قال تعالى{الرِّجَالُ قَوَّامُونَ عَلَى النِّسَاءِ بِمَا فَضَّلَ اللَّهُ بَعْضَهُمْ عَلَى بَعْضٍ } [النساء: 34] ، وكذا شفقة الزوج ورحمته للمرأة لحديث :" استوصوا بالنساء خيرا " متفق عليه**

**ആറ്:** ഭർത്താവിന് അനുസരണയും നിയന്ത്രണാധികാരവും ഉണ്ടെന്ന ബോധവും തിരിച്ചറിവും ഒരു ഭാര്യയെ സംബന്ധിച്ചിടത്തോളം അനിവാര്യമായും ഉണ്ടാകണം. അല്ലാഹു പറഞ്ഞിരിക്കുന്നു:

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعۡضَهُمۡ عَلَىٰ بَعۡضٖ [النساء: 34]

പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ട്. അത് പോലെ തന്നെ ഒരു ഭർത്താവ് അവന്റെ ഭാര്യയോട് അനുകമ്പയോടും കാരുണ്യത്തോടും കൂടി പെരുമാറണം.

നബി ﷺ അവിടുത്തെ ഹദീസിൽ പറഞ്ഞത് പോലെ 'നിങ്ങൾ നിങ്ങളുടെ പത്നിമാരോട് നന്മയിൽ വർത്തിക്കുക'

**السابعة / لأن للزوج القوامة فلابد من مداراة زوجته ومحاولة إصلاح ما فيها من نقص لحديث " فإن المرأة خلقت من ضلع وإن أعوج شيء في الضلع أعلاه إن ذهبت تقيمه كسرته وإن تركته لم يزل أعوج" متفق عليه**

**ഏഴ്:** ഭർത്താവിന്നാണ് നിയന്ത്രണാധികാരമുള്ളത് എന്ന കാരണം കൊണ്ട് തന്നെ അവന്റെ ഭാര്യയോടുള്ള പെരുമാറ്റം സൗമ്യതയോട് കൂടി ആക്കലും അത് പോലെ തന്നെ അവളിൽ ഉള്ള കുറവുകൾ പരിഹരിക്കാൻ അവൻ നല്ല രീതിയിൽ പരിശ്രമിക്കലും തീർത്തും അനിവാര്യമായ ഒരു ഘടകമാണ്. അക്കാര്യത്തിൽ റസൂൽ ﷺ യുടെ ഹദീസിനെ അവൻ പിന്തുടർന്നു കൊള്ളട്ടെ. അവിടുന്ന് പറഞ്ഞതായി കാണാം:

'തീർച്ചയായും സ്ത്രീ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് വാരിയെല്ലിൽ നിന്നാകുന്നു. ആ വാരിയെല്ലിൽ ഏറ്റവും വളവുള്ള ഭാഗം അതിന്റെ മേൽ ഭാഗമാണ്. നീ അതിനെ നേരെയാക്കാൻ ശ്രമിച്ചാൽ അത് പൊട്ടുകയും അതിനെ ഒന്നും ചെയ്യാതെ വെറുതെ വിട്ടാൽ അത് വളവുള്ളതായി നില നിൽക്കുകയും ചെയ്യും.

**الثامنة/ المرأة محل استمتاع للزوج فلتتزين وتتحسن له أكثر أو مثل تحسنها للتجمعات النسائية ، وكذا الزوج لا يهمل التجمل والتطيب لها قال تعالى {وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ } [البقرة: 228]**

**എട്ട്:** ഒരു സ്ത്രീ അവളുടെ ഭർത്താവിന് ആസ്വദിക്കാനും സുഖമനുഭവിക്കാനുമുള്ളതാണ്. അത് കൊണ്ട് അവൾ അവനു മുന്നിൽ, മറ്റ് ഏത് സദസ്സിൽ പോകുന്നതിനേക്കാളും ഭംഗിയായി അണിഞ്ഞൊരുങ്ങിക്കൊള്ളട്ടെ. അത്പോലെ, ഭർത്താവും അവൾക്ക് വേണ്ടി ഭംഗിയായി ഒരുങ്ങുന്നതിൽ വീഴ്ച്ച വരുത്താൻ പാടുള്ളതല്ല. അല്ലാഹു പറഞ്ഞു:

وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ [البقرة: 228]

സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്.

**التاسعة / مما يديم الحياة الزوجية حياة سعيدة قوة شخصية الزوج على الزوجة لتتم القوامة المصلحة للحياة الزوجيةٍ فلا يضعف الزوج شخصيته بدافع أن يكون رومانسيا – كما يقال – ولكن معتدلا في قوته ومن غير جبروت.**

**ഒമ്പത്:** ദാമ്പത്യ ജീവിതം സൗഭാഗ്യത്തോടെ മുന്നോട്ട് പോകാൻ സഹായിക്കുന്ന കാരണങ്ങളിൽ പെട്ടതാണ്; സൗമ്യതയോടെയാണെങ്കിലും ഭർത്താവ് ഭാര്യക്ക് മേലുള്ള നിയന്ത്രണാധികാരം നിലനിർത്തുകയും അതിനുതകുന്ന ശക്തമായ വ്യക്തിത്വത്തിന് ഉടമയാവുകയും ചെയ്യുക എന്നത്. ഇന്ന് പറയപ്പെടുന്ന റൊമാന്റിക്ക് ജാടകൾ കൊണ്ട് സ്വന്തം വ്യക്തിത്വ ത്തെ ദുർബലമാക്കാതിരിക്കുക എന്നത് ഭർത്താവിന് അനിവാര്യമാണ്. ഇതിനർത്ഥം അഹങ്കാരം നടിക്കുകയും ഭാര്യയെ അടിച്ചമർത്തുകയും ചെയ്യാമെന്നല്ല; മധ്യമമായ നിലപാടാണ് വേണ്ടത്.

**العاشرة / تجديد المحبة الزوجية بين الزوجين بالهدايا قال عليه السلام " تهادوا تحابوا " (الأدب المفرد وحسنه الحافظ)**

**പത്ത്:** ഭാര്യാഭർത്താക്കൻമാർക്കിടയിലുള്ള സ്നേഹം പാരിതോഷികങ്ങൾ കൈമാറിക്കൊണ്ട് പുതുക്കുക. നബി ﷺ പറഞ്ഞു: 'നിങ്ങൾ പരസ്പരം സമ്മാനങ്ങൾ കൊടുക്കൂ, പരസ്പരം സ്നേഹിക്കൂ.'

**الحادية عشرة / انشغال المرأة بزوجها وعدم الانشغال عنه بالأولاد أو أولاد الأولاد سبب رئيس لدوام المحبة**

**പതിനൊന്ന്:** ഒരു ഭാര്യ അവളുടെ ഭർത്താവുമായി കൂടുതൽ സമയം ചെലവഴിക്കുക എന്നതും പ്രധാനമാണ്. മറിച്ച്, ഭർത്താവിനെ മറന്ന് മക്കളുമായോ പേരക്കുട്ടികളുമായോ അവൾ വ്യാപൃതയാവാതിരിക്കുക എന്നതും അവർക്കിടയിലുള്ള സ്നേഹം എന്നെന്നും നീണ്ട് നിൽക്കാനുള്ള മുഖ്യമായ ഒരു കാരണമാണ്.

**الثانية عشرة/ مما يديم الحياة الزوجية حياة سعيدة نداء كل من الزوجين للآخر بأحب الأسماء إليه سواء كان كنيته أو غير ذلك ، وكذا التلفظ لا سيما عند الناس بألفاظ التقدير والاحترام { وَقُلْ لِعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ إِنَّ الشَّيْطَانَ يَنْزَغُ بَيْنَهُمْ} [الإسراء: 53]**

**പന്ത്രണ്ട്:** വൈവാഹിക ജീവിതം വളരെ സൗഭാഗ്യകരമായ രീതിയിൽ മുന്നോട്ട് കൊണ്ട് പോകാൻ സഹായിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, എല്ലാ ഭാര്യാഭർത്താക്കൻമാരും അവരവർക്ക് ഏറ്റവും പ്രിയങ്കരമായ പേരുകൾ കൊണ്ട് പരസ്പരം അഭിസംബോധന ചെയ്യുക എന്നത്. അത് അവരുടെ കുൻയത്തായാലും (മക്കളിലേക്ക് ചേർത്തുള്ള പേര് ഉദാഹരണത്തിന്ന് നബി ﷺ ക്ക് അബുൽ ഖാസിം എന്ന പേരുള്ളത് പോലെ) അതല്ലാത്ത അവർക്ക് ഇഷ്ടമുള്ള മറ്റ് പേരുകളായാലും ശരി. മറ്റുള്ളവരുടെ മുന്നിൽ പരസ്പരം ആദരസൂചകമായ വാക്കുകൾ കൊണ്ട് അഭിസംബോധന ചെയ്യുക എന്നത് പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറഞ്ഞു:

وَقُل لِّعِبَادِى يَقُولُواْ ٱلَّتِى هِىَ أَحْسَنُ ۚ إِنَّ ٱلشَّيْطَـٰنَ يَنزَغُ بَيْنَهُمْ [الإسراء: 53]

നീ എൻറെ അടിമകളോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നു.

**الثالثة عشرة/ عدم كفران الزوجين حسن عشرة الآخر لاسيما عند الناس وبعد طول عمر فهذا أكثر ما يدخل النساء النار .**

**പതിമൂന്ന്:** തന്റെ പങ്കാളി തന്നോട് ചെയ്യുന്ന നന്മകൾ നിഷേധിക്കാതിരിക്കാൻ എല്ലാ ഭാര്യാഭർത്താക്കൻമാരും ശ്രദ്ധിക്കേണ്ടതുണ്ട്; പ്രത്യേകിച്ച് മറ്റുള്ളവർക്കിടയിൽ. അത് പോലെ പ്രായം ചെന്നതിന് ശേഷവും. ഇത്തരത്തിൽ ഭർത്താവ് ചെയ്തു തന്ന അനുഗ്രഹങ്ങളെ നിഷേധിക്കുക വഴിയാണ് ധാരാളം സ്ത്രീകൾ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്നത്. അല്ലാഹു കാത്തു രക്ഷിക്കുമാറാകട്ടെ.

**الرابعة عشرة / أن إظهار كل زوج محبته للآخر ما بين حين وآخر سبب مهم للسعادة الزوجية قال صلى الله عليه وسلم :" إذا أحب الرجل الرجل فليخبره أنه أحبه" (أحمد)**

**പതിനാല്:** ഓരോ വ്യക്തിയും തന്റെ ഇണയോടുള്ള സ്നേഹം ഇടക്കിടെ വെളിവാക്കലും തുറന്നു പറയലും സൗഭാഗ്യമുള്ള കുടുംബജീവിതത്തിന് ഏറെ സഹായിക്കുന്ന ഘടകമാണ്. നബി ﷺ പറഞ്ഞു: 'ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ഇഷ്ടപ്പെട്ടാൽ ആ വ്യക്തിയെ തനിക്ക് ഇഷ്ടമാണെന്ന കാര്യം അവൻ അറിയിച്ച് കൊള്ളട്ടെ.

**الخامس عشر/ اهتمام الزوجة بالأولاد سبب لمحبة الزوج ففي الصحيحين أن أبا هريرة قال : سمعت رسول اللّه صلى اللّه عليه و سلم يقول:" نساء قريش خير نساء ركبن الإبل أحناه على طفل وأرعاه على زوج في ذات يده "**

**പതിനഞ്ച്:** തന്റെ മക്കളുടെ കാര്യത്തിൽ ഭാര്യയുടെ ശ്രദ്ധ ഭർത്താവിന്റെ സ്നേഹം കരസ്ഥമാക്കുവാനുള്ള മാർഗമാണ്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അവരുടെ സ്വഹീഹിൽ ഉദ്ധരിച്ചതായി കാണാം. അബൂ ഹുറൈറ ﵁ പറഞ്ഞു: നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: ഒട്ടകപ്പുറത്തേറിയ സ്ത്രീകളിൽ വെച്ച് ഏറ്റവും നല്ല സ്ത്രീകളാണ് ഖുറൈശീ വനിതകൾ. സന്താനങ്ങളോട് ഏറെ വാത്സല്യമുള്ളവരും ഭർത്താവിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധാലുക്കളുമാണവർ.

**السادسة عشرة/ من أعظم أسباب إفساد الزوجات غيرتها من صديقاتها وقريباتها ، ومما يسهل هذا عليها فرحها مما عندها مما ليس عندهم، وقناعتها بما عندها من خير، ومقارنة نفسها بمن حرمت نعمة الزواج ، أخرج مسلم عن أبى هريرة قال قال رسول اللّه -صلى اللّه عليه وسلم- " انظروا إلى من أسفل منكم ولا تنظروا إلى من هو فوقكم فهو أجدر أن لا تزدروا نعمة اللّه "**

**പതിനാറ്:** ഭാര്യമാരുടെ ഏറ്റവും വലിയ കുഴപ്പങ്ങളിൽ പെട്ടതാണ് അവളുടെ കുടുംബക്കാരായ സ്ത്രീകളുടെയും കൂട്ടുകാരികളുടെയും അവരുടെ കുടുംബജീവിതത്തെക്കുറിച്ചുള്ള സംസാരം കേട്ട് സ്വന്തം ഭർത്താവിനോട് വെറുപ്പ് കാണിക്കുന്ന സ്വഭാവം. ഈ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാനുള്ള വഴിയാണ് അവരിൽ ഇല്ലാത്ത, അതേ സമയം തന്റെ ജീവിതത്തിൽ ഉള്ള നല്ല കാര്യങ്ങളിൽ അവൾ സന്തോഷിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുക എന്നത്. അത് പോലെ തന്നെ വിവാഹമെന്ന മഹത്തായ അനുഗ്രഹം ലഭിക്കാതെ പോയ സ്ത്രീകളോട് അവൾ സ്വന്തം ജീവിതം താരതമ്യം ചെയ്ത് നോക്കുക എന്നതും.

നബി ﷺ പറഞ്ഞതായി കാണാം: ദുനിയാവിന്റെ കാര്യങ്ങളിൽ നിങ്ങളേക്കാളും താഴ്ന്നവരിലേക്ക് നിങ്ങൾ നോക്കുക. നിങ്ങളേക്കാൾ മികച്ചവരിലേക്ക് നിങ്ങൾ നോക്കരുത്. കാരണം അല്ലാഹു നിങ്ങളുടെ മേൽ ചൊരിഞ്ഞ് നൽകിയ അനുഗ്രഹങ്ങളെ നിങ്ങൾ നിസ്സാരവൽക്കരിക്കാതിരിക്കാൻ നിങ്ങൾക്ക് ഏറ്റവും ഉത്തമം അതാകുന്നു.

**السابعة عشرة / يكثر كذب النساء بعضهن على بعض فيما يتعلق بسعادتها في حياتها مع زوجها ، وكذا الرجال مما يفسد الحياة الزوجية على المكذوب عليهم**

**പതിനേഴ്:** തന്റെ ഭർത്താവുമൊത്തുള്ള ജീവിതത്തിൽ ആസ്വദിക്കുന്ന സൗഭാഗ്യങ്ങൾ പറഞ്ഞു കൊണ്ടുള്ള കളവുകൾ സ്ത്രീകൾക്കിടയിൽ വർദ്ധിച്ചു വരുന്നതായി കാണാം. അപ്രകാരം തന്നെ പുരുഷൻമാർക്കിടയിലും. ദാമ്പത്യ ജീവിതം കുഴപ്പത്തിലാക്കുന്ന ആളുകളാണ് യഥാർത്ഥത്തിൽ ഇത്തരത്തിൽ തങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് കളവ് പറയുന്നവർ. അത് കൊണ്ട് ഭാര്യാഭർത്താക്കൻമാർ ജാഗ്രതയിലും യുക്തിയിലും അവരുടെ ജീവിതം മുന്നോട്ട് നയിക്കട്ടെ.

**الثامنة عشرة/ مما يفسد الحياة الزوجية أن الزوجة الأولى لا تتحمل زواج زوجها عليها فتترك زوجها ، وهذا خطأ بل المفترض أن تتعلق بزوجها أكثر، وترغبه فيها أكثر مع تذكر أن هذا مما أباحته الشريعة .**

**പതിനെട്ട്:** നല്ലവരായ ഇണകളുടെ പോലും ജീവിതം കുഴപ്പത്തിലാക്കുന്ന മറ്റൊരു കാര്യമാണ്; ആദ്യ ഭാര്യ തന്റെ ഭർത്താവ് മറ്റൊരു വിവാഹം കഴിക്കുന്നത് ഉൾക്കൊള്ളാതിരിക്കുകയും അതിന് തടസ്സം സൃഷ്ടിക്കുകയും പിന്നീട് ത്വലാഖിൽ വരെ അവസാനിക്കുന്ന തരത്തിൽ പ്രതികരിക്കുകയും ചെയ്യുക എന്നത്. ഇത് വലിയ ഗൗരവമേറിയ ഒരു തെറ്റാണ്. മറിച്ച് ഇസ്‌ലാമിക ശരീഅത്ത് ഇത് അനുവദിച്ചതാണ് എന്ന ചിന്തയോട് കൂടി ഭർത്താവിനെ അതിന് വേണ്ടി പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ഒരു നല്ല ഭാര്യയുടെ കടമ.

**التاسعة عشرة/ إذا وقعت خصومة بين الزوجين فليتقيا الله وليرغبا في الإصلاح فإنه سبب عظيم للصلح { إِنْ يُرِيدَا إِصْلاحًا يُوَفِّقِ اللَّهُ بَيْنَهُمَا} [النساء: 35] ومقتضى هذا التنازل والتسامح.**

**പത്തൊമ്പത്:** ഭാര്യാഭർത്താക്കൻമാർക്കിടയിൽ എന്തെങ്കിലും ഒരു തർക്കമോ പ്രശ്നമോ ഉടലെടുത്താൽ അവർ രണ്ടു പേരും അല്ലാഹുവിനെ സൂക്ഷിക്കുകയും അനുരഞ്ജനത്തിന് ശ്രമിക്കുകയും ചെയ്യട്ടെ . കാരണം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനും നന്മയും സമാധാനവുമുള്ള അന്തരീക്ഷം നിലവിൽ വരാനുമുള്ള മഹത്തായ കാരണമാണത്. അല്ലാഹു പറഞ്ഞു:

إِن يُرِيدَآ إِصۡلَٰحٗا يُوَفِّقِ ٱللَّهُ بَيۡنَهُمَآ [النساء: 35]

ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്.

**العشرون / إن الدعاء من أعظم أسباب السعادة الزوجية وحب كل واحد للآخر {وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ} [البقرة: 186]**

**ഇരുപത്:** തീർച്ചയായും പ്രാർത്ഥന എന്നത് സൗഭാഗ്യവും സന്തോഷവും നിറഞ്ഞ ദാമ്പത്യ ജീവിതവും പരസ്പരമുള്ള സ്നേഹവും നിലനിൽക്കാനുള്ള മഹത്തായ കാരണമാണ്. അല്ലാഹു പറഞ്ഞു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ [البقرة: 186]

നിന്നോട് എന്റെ അടിമകൾ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്.

**الحادية والعشرون/ إن اجتماع الزوجين على المحرمات كالنظر إلى الحرام أو سماع الحرام سبب لفساد حياتهما فإن كل بلاء سببه المعاصي والذنوب قال تعالى { أَوَلَمَّا أَصَابَتْكُمْ مُصِيبَةٌ قَدْ أَصَبْتُمْ مِثْلَيْهَا قُلْتُمْ أَنَّى هَذَا قُلْ هُوَ مِنْ عِنْدِ أَنْفُسِكُمْ إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ} [آل عمران: 165]**

**أسأل الله أن ينفع بهذه القواعد الزوجية لتعمر حياة المتزوجين من المسلمين بالمحبة والألفة والتعاون على طاعة الله**

**ഇരുപത്തിയൊന്ന്:** തീർച്ചയായും ഭാര്യാഭർത്താക്കൻമാർ നിഷിദ്ധമായ കാര്യങ്ങൾ കേൾക്കുക, നിഷിദ്ധമായ കാര്യങ്ങൾ കാണുക പോലെയുള്ള ഇസ്ലാം ഹറാമാക്കിയ കാര്യങ്ങൾക്ക് വേണ്ടി ഒരുമിക്കുക എന്നത് അവരുടെ ജീവിതം തകരാനുള്ള കാരണങ്ങളിൽ ഗൗരവമേറിയ ഒന്നാണ്. കാരണം എല്ലാ പരീക്ഷണങ്ങളുടെയും അടിസ്ഥാനം അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകളെ മുറിച്ച് കളഞ്ഞ് കൊണ്ട് അവനെ ധിക്കരിക്കുക എന്നതാണ്. അല്ലാഹു തന്നെ പറഞ്ഞതായി കാണാം:

أَوَلَمَّآ أَصَٰبَتْكُم مُّصِيبَةٌ قَدْ أَصَبْتُم مِّثْلَيْهَا قُلْتُمْ أَنَّىٰ هَٰذَا ۖ قُلْ هُوَ مِنْ عِندِ أَنفُسِكُمْ ۗ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٦٥﴾ [آل عمران: 165]

നിങ്ങൾക്ക് ഒരു വിപത്ത് നേരിട്ടു. അതിന്റെ ഇരട്ടി നിങ്ങൾ ശത്രുക്കൾക്ക് വരുത്തിവെച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും നിങ്ങൾ പറയുകയാണോ; ഇതെങ്ങനെയാണ് സംഭവിച്ചത് എന്ന്? (നബിയേ,) പറയുക: അത് നിങ്ങളുടെ പക്കൽ നിന്ന് തന്നെ ഉണ്ടായതാകുന്നു. തീർച്ചയായും

അല്ലാഹു ഏതൊരു കാര്യത്തിനും കഴിവുള്ളവനാകുന്നു.

അല്ലാഹു ഈ തത്ത്വങ്ങൾ കൊണ്ട് വിവാഹിതരായ എല്ലാ മുസ്‌ലിം സഹോദരീ സഹോദരന്മാരുടെയും ജീവിതം അവനോടുള്ള അനുസരണത്തിന് വേണ്ടിയുള്ള പരസ്പര സഹായത്തിലും സ്നേഹത്തിലും അടുപ്പത്തിലുമാക്കി തീർക്കുമാറാകട്ടെ.... ആമീൻ